പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3387 — 14/10/2011 ൽ മറുപടിയ്ക്ക്

## വയോജന ക്ഷേമത്തിന് വിവിധ പദ്ധതികൾ

ചോദ്യം — ഉത്തരം

ശ്രീ. റ്റി.എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ.എൻ.എ. ഖാദർ:

ഡോ. എം.കെ. മുനീർ:
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ കാര്യത്തിൽ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (എ) വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള വയോമിത്രം പദ്ധതിയിലൂടെ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിന് ഡോക്ടർ , നഴ്സ്, ജെ.പി.എച്ച്.എൻ എന്നിവരടങ്ങുന്ന ഒരു മൊബൈൽ ക്ലിനിക്ക്, കിടപ്പിലായ രോഗികളെ വീട്ടിൽ ചെന്ന് പരിശോധിക്കുന്നതിനുള്ള പാലിയേറ്റീവ് ഹോംകെയർ എന്നീ സേവനങ്ങൾ ലഭ്യമാണ്. ഇവരുടെ പരിശോധനയ്ക്ക് ആവശ്യമായ മരുന്നുകൾ മൊബൈൽ ക്ലിനിക്കിൽ ലഭ്യമാണ്. വയോജനങ്ങൾക്ക് വീട്ടിൽ നിന്നും ആശുപത്രിയിലെത്തുന്നതിന് ആംബുലൻസ് സൗകര്യവും ലഭ്യമാണ്. |
| (ബി) വൃദ്ധജനങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) വയോജനങ്ങൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ വയോജന നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) ഇവർക്ക് ഒത്തുചേരുന്നതിനും , മാനസികോല്ലാസത്തിനും, ഇവരുടെ അറിവും, ശേഷിയും | (സി) വയോജനങ്ങൾക്ക് മാനസികോല്ലാസത്തിനും അതിലൂടെ അവരുടെ അറിവും, ശേഷിയും പ്രയോജനപ്പെടുത്തുന്നതിന് വിവിധ |

| | |
|---|---|
| പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്തു തലത്തിൽ പദ്ധതികളെന്തെങ്കിലും ആവിഷ് ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | പരിപാടികൾ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന ആവിഷ് ക്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് . |
| (ഡി) ഉപജീവനത്തിനും, ആരോഗ്യ സംരക്ഷണത്തിനും, താമസത്തിനും സഹായം ആവശ്യമുള്ള വൃദ്ധജനങ്ങളുടെ കണക്കെടുപ്പു നടത്തി ആനുകൂല്യം ലഭ്യമാക്കുന്നതിന് പ്രത്യേക തിരിച്ചറിയൽ കാർഡ് നല്കുന്ന കാര്യം പരിശോധിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല |

R. Vijayan

സെക്ഷൻ ഓഫീസർ